"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- "ആൻബോട് കേരളം' ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തിച്ച ആപ്തമിത്രാ, സിവിൽ ഡിഫെൻസ് വോളന്റിയർമാർക്ക് സംസ്ഥാന ദുരന്ത ലഘൂകരണ നിധി യുടെ CSR ഫണ്ടിൽ ലഭ്യമായ തുകയിൽ നിന്ന് യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.958/2024/DMD തീയതി,തിരുവനന്തപുരം, 18-12-2024

---

പരാമർശം:- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30/05/2024 ലെ MTO 111/2318/2O23/ SEOC-KSDMA നമ്പർ കത്ത്

**ഉത്തരവ്**

തമിഴ്നാട്ടിൽ കനത്ത മഴയിൽ വെള്ളപ്പൊക്കമുണ്ടായതിന്റെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാരിന് കേരള സർക്കാർ സഹായം വാഗ്ദാനം ചെയ്യുകയും കെ.എസ്.ഡി.എം.എ ഓഫീസിൽ ദുരിതാശ്വാസ സാമഗ്രികളുടെ ശേഖരണത്തിനായി കളക്ഷൻ പോയിന്റ് ആരംഭിക്കുകയും സാധന സാമഗ്രികൾ വേർതിരിച്ച് കിറ്റുകളാക്കി തമിഴ്നാട്ടിലേക്ക് കയറ്റി അയക്കുകയുണ്ടായിയെന്നും ആയതിന്റെ ഭാഗമായി ആപ്ത മിത്രാ വോളിന്റിയർമാരും സിവിൽ ഡിഫൻസ് വോളന്റിയർമാരും ദുരിതാശ്വാസ സാമഗ്രികളുടെ ശേഖരണത്തിനായുള്ള കളക്ഷൻ പോയിന്റിൽ 22/12/2023 മുതൽ 29/12/2023 വരെ പ്രവർത്തിക്കുകയുണ്ടായിയെന്നും "ആൻബോട് കേരളം' ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തിച്ച ആപ്തമിത്രാ, സിവിൽ ഡിഫെൻസ് വോളന്റിയർമാർക്ക് യാത്രാബത്തയും പ്രോത്സാഹനവും ആയി പ്രതിദിനം 500/- രൂപ വീതം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ State Disaster Mitigation Fund (CSR) വഴി ലഭ്യമായിട്ടുള്ള തുകയിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആൻബോട് കേരളം' ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തിച്ച ആപ്തമിത്രാ, സിവിൽ ഡിഫെൻസ് വോളന്റിയർമാർക്ക് യാത്രാബത്തയും പ്രോത്സാഹനവും ആയി പ്രതിദിനം 500/- രൂപ വീതം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ State Disaster Mitigation Fund (CSR) വഴി ലഭ്യമായിട്ടുള്ള തുകയിൽ നിന്ന് 1,61,000/- രൂപ (ഒരു ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 19-12-2024 11:01:42
സെക്ഷൻ ഓഫീസർ